**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5986** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾ അംഗത്വം നിഷേധിക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അർഹമായ വിഹിതങ്ങൾ നേടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വം നിഷേധിച്ചാൽ എന്തൊക്കെ നടപടികൾ ആർക്കെല്ലാമെതിരെ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ; | (ബി) | കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 16 (2എ) യിലെ വ്യവസ്ഥ പ്രകാരം ഉപവകുപ്പ് 2 അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഒരു സംഘത്തിൽ അംഗത്വത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചിട്ടില്ലായെങ്കിൽ, അപേക്ഷകന്റെ ലിഖിതമായ ഒരു അപേക്ഷയിന്മേൽ രജിസ്ട്രാർക്ക് പ്രസ്തുത അംഗത്വം നൽകണോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കുവാനുള്ള ബാധ്യതയുണ്ട്.<br><br>വകുപ്പ് 16(2ബി) പ്രകാരം ഇത്തരത്തിലുള്ള അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചാൽ ഒരു മാസത്തിനകം അംഗത്വം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുന്നതിനുള്ള തീരുമാനം എടുക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഒരു നിവേദനം, അപേക്ഷകന് സമർപ്പിക്കാവുന്നതാണ്.<br><br>വകുപ്പ് 16 (2ബി)(എ) യിലെ വ്യവസ്ഥ പ്രകാരം ഉപവകുപ്പ് 2എ പ്രകാരം അപേക്ഷ രജിസ്ട്രാറുടെ അധികാരം 3-ാം വകുപ്പ് (2-ാം ഉപവകുപ്പ്) അനുസരിച്ച് ഉദ്യോഗസ്ഥൻ മുൻപാകെയാണ് സമർപ്പിച്ചിട്ടുള്ളത് എങ്കിൽ നിവേദനം രജിസ്ട്രാർ മുൻപാകെ നൽകേണ്ടതാണ്.<br><br>വകുപ്പ് 16(2ബി)(ബി) യിൽ രജിസ്ട്രാർ മുൻപാകെയാണ് നിവേദനം സമർപ്പിച്ചിട്ടുള്ളതെങ്കിൽ സർക്കാർ മുൻപാകെ നൽകണം. കൂടാതെ രജിസ്ട്രാറോ ഗവൺമെന്റോ യഥാക്രമം പരാതി കിട്ടി 30 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത അംഗത്വം |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിനോ അനുവദിക്കാതിരിക്കുന്നതിനോ ഉള്ള തീരുമാനം എടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 16(3) ൽ ഏതെങ്കിലും വ്യക്തിയുടെ അംഗത്വം തിരസ്കരിക്കപ്പെടുകയാണെങ്കിൽ മതിയായ തിരസ്കരണ കാരണങ്ങളോടുകൂടി തീരുമാനം എടുത്ത് 15 ദിവസത്തിനകം പ്രസ്തുത വ്യക്തിയെ സംഘം അറിയിച്ചിരിക്കണം.<br><br>വകുപ്പ് 83 (1)(സി) യിൽ എതെങ്കിലും വ്യക്തിയെ സംഘത്തിലെ അംഗമായി ചേർക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ അപ്പീൽ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>വകുപ്പ് 83 (2) ൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലുകൾ പ്രസ്തുത ഉത്തരവ് അഥവാ തീരുമാനം തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ ഫയൽ ചെയ്തിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 83 (2)(എ) യിൽ ഉത്തരവോ തീർപ്പോ പുറപ്പെടുവിച്ചിട്ടുള്ളത് രജിസ്ട്രാർ ആണെങ്കിൽ സർക്കാർ മുൻപാകെയും സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 83 (2)(ബി) യിൽ മറ്റു സംഗതികളിൽ രജിസ്ട്രാർക്കും അതത് സംഗതിപോലെ രജിസ്ട്രാർക്കോ ഗവൺമെന്റിനോ സമർപ്പിക്കേണ്ടതും, രജിസ്ട്രാർക്കോ ഗവൺമെന്റിനോ യുക്തമെന്ന് തോന്നുന്ന തരത്തിൽ അപ്പീലിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്. |
| (സി) | അംഗത്വം നിഷേധിക്കപ്പെടുന്നപക്ഷം ആയത് നേടുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | കേരള സഹകരണ സംഘം നിയമം, 1969 ലെ വകുപ്പ് 16 (2എ) യിലെ വ്യവസ്ഥ പ്രകാരം ഉപവകുപ്പ് 2 അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഒരു സംഘത്തിൽ അംഗത്വത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ചിട്ടില്ലായെങ്കിൽ, അപേക്ഷകന്റെ ലിഖിതമായ ഒരു അപേക്ഷയിന്മേൽ രജിസ്ട്രാർക്ക് പ്രസ്തുത അംഗത്വം നൽകണോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കുവാനുള്ള ബാധ്യതയുണ്ട്.<br><br>വകുപ്പ് 16(2ബി) പ്രകാരം ഇത്തരത്തിലുള്ള അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചാൽ ഒരു മാസത്തിനകം അംഗത്വം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുന്നതിനുള്ള തീരുമാനം എടുക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ഒരു നിവേദനം, അപേക്ഷകന് സമർപ്പിക്കാവുന്നതാണ്.<br><br>വകുപ്പ് 16 (2ബി)(എ) യിലെ വ്യവസ്ഥ പ്രകാരം ഉപവകുപ്പ് 2എ പ്രകാരം അപേക്ഷ രജിസ്ട്രാറുടെ |

| | | | | |
|---|---|---|---|---|
| | | | | അധികാരം 3-ാം വകുപ്പ് (2-ാം ഉപവകുപ്പ്) അനുസരിച്ച് ഉദ്യോഗസ്ഥൻ മുൻപാകെയാണ് സമർപ്പിച്ചിട്ടുള്ളത് എങ്കിൽ നിവേദനം രജിസ്ട്രാർ മുൻപാകെ നൽകേണ്ടതാണ്.<br><br>വകുപ്പ് 16(2ബി)(ബി) യിൽ രജിസ്ട്രാർ മുൻപാകെയാണ് നിവേദനം സമർപ്പിച്ചിട്ടുള്ളതെങ്കിൽ സർക്കാർ മുൻപാകെ നൽകണം. കൂടാതെ രജിസ്ട്രാറോ ഗവൺമെന്റോ യഥാക്രമം പരാതി കിട്ടി 30 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത അംഗത്വം അനുവദിക്കുന്നതിനോ അനുവദിക്കാതിരിക്കുന്നതിനോ ഉള്ള തീരുമാനം എടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 16(3) ൽ ഏതെങ്കിലും വ്യക്തിയുടെ അംഗത്വം തിരസ്കരിക്കപ്പെടുകയാണെങ്കിൽ മതിയായ തിരസ്കരണ കാരണങ്ങളോടുകൂടി തീരുമാനം എടുത്ത് 15 ദിവസത്തിനകം പ്രസ്തുത വ്യക്തിയെ സംഘം അറിയിച്ചിരിക്കണം.<br><br>വകുപ്പ് 83 (1)(സി) യിൽ എതെങ്കിലും വ്യക്തിയെ സംഘത്തിലെ അംഗമായി ചേർക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ അപ്പീൽ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>വകുപ്പ് 83 (2) ൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലുകൾ പ്രസ്തുത ഉത്തരവ് അഥവാ തീരുമാനം തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ ഫയൽ ചെയ്തിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 83 (2)(എ) യിൽ ഉത്തരവോ തീർപ്പോ പുറപ്പെടുവിച്ചിട്ടുള്ളത് രജിസ്ട്രാർ ആണെങ്കിൽ സർക്കാർ മുൻപാകെയും സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.<br><br>വകുപ്പ് 83 (2)(ബി) യിൽ മറ്റു സംഗതികളിൽ രജിസ്ട്രാർക്കും അതത് സംഗതിപോലെ രജിസ്ട്രാർക്കോ ഗവൺമെന്റിനോ സമർപ്പിക്കേണ്ടതും, രജിസ്ട്രാർക്കോ ഗവൺമെന്റിനോ യുക്തമെന്ന് തോന്നുന്ന തരത്തിൽ അപ്പീലിന്മേൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ